# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ – കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ :– ശ്രീ. എസ്. ഹരികിഷോർ ഐഎഎസ്)

വിഷയം: കുടുംബശ്രീ – സൂക്ഷ്മ സംരംഭങ്ങൾക്ക്/ സംരംഭക കൂട്ടായ്മകൾക്ക് ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട് അനുവദിക്കുന്നതിനുള്ള പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ – ഭേദഗതി ചെയ്ത് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 22/04/2015–ലെ ഈ ഓഫീസിലെ KS-D-6157/2013 നമ്പർ നടപടിക്രമം

***Order No. 2978-D -/2017-KSHO dated 06 /04/2017***

കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങൾക്ക്/ സംരംഭക കൂട്ടായ്മകൾക്ക് തങ്ങളുടെ ഉത്പാദനം ഗുണപരമായും അളവുപരമായും മെച്ചപ്പെടുത്തുന്നതിന് നിലവിലുള്ള സാങ്കേതിക വിദ്യകളും യന്ത്രസാമഗ്രികളും അനുബന്ധ ഉപകരണങ്ങളും നാളതീകരിക്കുന്നതിന് കുടുംബശ്രീ മിഷൻ നൽകുന്ന അധിക ധനസഹായമാണ് ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട്.

പരാമർശം പ്രകാരം ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട് അനുവദിക്കുന്നതിനുള്ള പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവായിരന്നു. എന്നാൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിനായി പരാമർശം പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് കുടുംബശ്രീ സംരംഭങ്ങൾക്ക് സഹായകരമായ രീതിയിൽ ഭേദഗതികൾ ഉൾപ്പെടുത്തികൊണ്ട് പുതുക്കിയ മാർഗ്ഗനിർദ്ദേശം അനുബന്ധം പ്രകാരം പുറപ്പെടുവിച്ചു ഉത്തരവാകുന്നു.

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

1. എല്ലാ ജില്ലാ മിഷൻ കോ–ഓർഡിനേറ്റർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. സംസ്ഥാന മിഷനിലെ എല്ലാ സെക്ഷനുകൾക്കും
4. എല്ലാ സിഡിഎസ്സുകൾക്കും (ഡിഎംസി മുഖേന)
5. എല്ലാ എംഇസിമാർക്കും (ജില്ലാ മിഷൻ മുഖേന)

പകർപ്പ്

കരുതൽ/അധികം

അംഗീകാരത്തോടെ,

ഡയറക്ടർ (എ&എഫ്)

# സൂക്ഷ്മ സംരംഭങ്ങൾക്ക് ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട്-

## പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ

**ഉദ്ദേശ്യം**

വിജയകരമായി പ്രവർത്തിച്ചു വരുന്ന കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങൾക്ക്/ സംരംഭക കൂട്ടായ്മകൾക്ക് ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും വരുമാനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള സാങ്കേതിക വിദ്യകളും യന്ത്രസാമഗ്രികളും അനുബന്ധ ഉപകരണങ്ങളും നാളതീകരിക്കുന്നതിനുള്ള അധിക ധനസഹായമായാണ് ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട് വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്.

**A. സൂക്ഷ്മ സംരംഭങ്ങൾ**

**യോഗ്യതാമാനദണ്ഡം:**

1) കുടുംബശ്രീയുടെ ഗ്രാമീണ സൂക്ഷ്മ സംരംഭ വികസന പദ്ധതി (ആർ.എം.ഇ) പ്രകാരമോ, യുവശ്രീ പദ്ധതി പ്രകാരമോ ആരംഭിച്ച വ്യക്തിഗത / ഗ്രൂപ്പ് സംരംഭങ്ങൾ

2) പഞ്ചായത്തിന്റെ പ്ലാൻ ഫണ്ട്, ലിങ്കേജ് വായ്പ, കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേന ഫണ്ട് ലഭ്യമാക്കി ആരംഭിച്ചതും എല്ലാം കുടുംബശ്രീ അംഗങ്ങൾ ആയിട്ടുള്ളതുമായ സംരംഭങ്ങൾ.

മേൽപറഞ്ഞ തരം സംരംഭങ്ങൾക്ക് താഴെപറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ടിന് അർഹതയുണ്ടായിരിക്കുന്നതാണ്.

i. നിലവിലുള്ളതും എന്നാൽ കഴിഞ്ഞ മൂന്നു വർഷക്കാലമായി വിജയകരമായി പ്രവർത്തിച്ചു വരുന്നതുമായ സംരംഭങ്ങൾ (ബാങ്ക് വായ്പ അല്ലെങ്കിൽ ബന്ധപ്പെട്ട പദ്ധതി പ്രകാരമുള്ള സർക്കാർ ധനസഹായം ലഭിച്ച തീയതിയുടെ അടിസ്ഥാനത്തിലായിരിക്കും മൂന്നു വർഷക്കാലയളവ് കണക്കാക്കുന്നത്)

ii. നിലവിൽ പ്രവർത്തിച്ചു വരുന്ന ഗ്രൂപ്പ് സംരംഭം ആണെങ്കിൽ, ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ടിന് അപേക്ഷ നല്കുന്ന സമയത്ത് ഗ്രൂപ്പ് രൂപീകരണ സമയത്തുണ്ടായിരുന്ന അത്രയും

അംഗങ്ങൾ നിലവിലില്ലെങ്കിൽ, നിലവിലുള്ള അംഗങ്ങളുടെ എണ്ണത്തിന് ആനുപാതികമായി മാത്രമെ ധനസഹായം അനുവദിക്കുകയുള്ളു. (കുറഞ്ഞത് മൂന്നു അംഗങ്ങളെങ്കിലും ഗ്രൂപ്പിൽ സജീവമായി ഉണ്ടായിരിക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി).

**iii.** ഒരു സംരംഭത്തിന് ടെക്നോളജി അപ്പ്ഗ്രേഡേഷൻ ഫണ്ട് ഒരിക്കൽ നൽകിയാൽ കുറഞ്ഞത് 5 വർഷക്കാലയളവിനുള്ളിൽ വീണ്ടും അപേക്ഷിക്കാൻ അർഹതയുണ്ടായിരിക്കുകയില്ല.

**ധനസഹായം:**

ലഭ്യമാക്കാൻ ഉദ്ദേശിക്കുന്ന സാങ്കേതിക വിദ്യ, നിലവിലുള്ള യന്ത്രസാമഗ്രികൾ, അനുബന്ധ ഉപകരണങ്ങൾ (ഭൂമി, കെട്ടിടം ഒഴികെ) എന്നിവയുടെ ചെലവിന്റെ 40% (ഒരു കുടുംബത്തിന് 35,000/- രൂപ, ആകെ 3,50,000/-രൂപ എന്നീ പരിധികൾക്ക് വിധേയമായി) ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ടായി അനുവദിക്കുന്നതാണ്. ഇതിനുപുറമേ വേണ്ടിവരുന്ന തുക ബാങ്ക് വായ്പ, ഗുണഭോക്തൃ വിഹിതം, മറ്റു ധനസ്രോതസ്സുകൾ തുടങ്ങിയവയിലൂടെ കണ്ടെത്തേണ്ടതാണ്.

**അപേക്ഷ സമർപ്പിക്കൽ, പരിശോധന, അംഗീകാരം നല്കൽ**

സംരംഭക(ർ) നിശ്ചിത ഫോർമറ്റിലൂള്ള (അനുബന്ധം) അപേക്ഷ എംഇസി സാക്ഷ്യപ്പെടുത്തിയത് സി.ഡി.എസിൽ സമർപ്പിക്കേണ്ടതാണ്.

**അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ**

1) പ്രോജക്ട് റിപ്പോർട്ട് - പുതുതായി തയ്യാറാക്കിയത്
2) നിലവിലുള്ള ബാങ്ക് ലോണിന്റെ തിരിച്ചടവ് വിവരങ്ങൾ
3) ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് (മെമ്പർ സെക്രട്ടറിയോ സി.ഡി.എസ്. ചെയർപേഴ്സണോ സാക്ഷ്യപ്പെടുത്തിയത്)
4) നിലവിലുള്ള അംഗങ്ങളുടെ ഗ്രൂപ്പ് ഫോട്ടോ
5) കഴിഞ്ഞ 6 മാസക്കാലത്തെ വരവ്-ചെലവ് കണക്കിന്റെ സ്റ്റേറ്റ്മെന്റ് (എം.ഇ.സിയോ കാസ്സ് അംഗമോ തയ്യാറാക്കിയത്)
6) എംഇസിയുടെ ശുപാർശ
7) ജില്ലാ മിഷനിലെ എം.ഇ. കൺസൾട്ടന്റ് അല്ലെങ്കിൽ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ട് (മൂന്നു

വർഷക്കാലമായി പ്രവർത്തിക്കുന്നുണ്ട് എന്നത് പ്രത്യേകം പരാമർശിക്കണം).

8) സാങ്കേതിക വിദ്യ ലഭ്യമാക്കുന്ന സ്ഥാപനങ്ങളുടെ കത്ത് അല്ലെങ്കിൽ യന്ത്ര സാമഗ്രികൾ ലഭ്യമാക്കുന്നതിനു പ്രാപ്തമായ കുറഞ്ഞത് മൂന്നു ഏജൻസികളിൽ നിന്നുള്ള പ്രൊഫോർമാ ഇൻവോയിസ്.

സിഡിഎസിന്റെ ശുപാർശയോടു കൂടി ജില്ലാ മിഷനിൽ അപേക്ഷ സമർപ്പിക്കുകയും, ആയത് ജില്ലാ മിഷനിൽ നിന്നും എംഇ ചുമതലയുള്ള എഡിഎംസി/കൺസൾട്ടന്റ് യൂണിറ്റ് നേരിട്ട് സന്ദർശനം നടത്തി ജില്ല കോ-ഓർഡിനേറ്ററർക്ക് രേഖാമൂലം ശുപാർശ ചെയ്യേണ്ടതാണ്.

ജില്ലാ തലത്തിൽ ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് അംഗീകാരം നല്കുന്നതിന് താഴെപറയുന്നവർ അംഗങ്ങളായിട്ടുള്ള ഒരു പ്രോജക്ട് അംഗീകാര കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

9) ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ - അദ്ധ്യക്ഷ(ൻ)
10) അസി. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ (എംഇ) - കൺവീനർ
11) എം ഇ കൺസൾട്ടന്റ് - അംഗം
12) എഡിഎംസി (ഒർഗനൈസേഷൻ)

ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ടായി ആവശ്യപ്പെട്ട തുക 3.00 ലക്ഷം രൂപ വരെ ജില്ലാ മിഷൻ അനുവദിച്ചു നൽകാവുന്നതാണ്. എന്നാൽ 3.00 ലക്ഷം രൂപയിൽ അധികരിക്കുന്ന പക്ഷം സംസ്ഥാന മിഷന്റെ അംഗീകാരത്തോടെ മാത്രം തുക അനുവദിക്കാവുന്നതാണ്.

**അനുവദനീയമായ ഘടകങ്ങൾ**

- നിലവിലുള്ള യന്ത്രസാമഗ്രി, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ നൂതനമായവ
- വിവിധ ആവശ്യങ്ങൾക്കുള്ള കംപ്യൂട്ടർ, സോഫ്റ്റ് വെയർ വാങ്ങുന്നതിന്
- ഓഫീസ് സംവിധാനത്തിലുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന്

**മോണിറ്ററിംഗ്**

ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട് അനുവദിച്ചു കഴിഞ്ഞാൽ പ്രസ്തുത തുക യന്ത്രസാമഗ്രികൾ വാങ്ങുന്നതിന് ഉപയോഗിച്ചുവെന്നത്

ഉറപ്പുവരുത്തേണ്ട ചുമതല ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്കാണ്. ആയതിനാൽ എം ഇ ചുമതലയുള്ള എഡിഎംസി/കൺസൾട്ടന്റ് യൂണിറ്റ് സന്ദർശനം നടത്തി പ്രസ്തുത മിഷനറി ഉപയുക്തമാക്കുന്നതായി സാക്ഷ്യപ്പെടുത്തേണ്ടതാണ്. കൂടാതെ അനുവദിച്ച തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം സംസ്ഥാന മിഷന് ജില്ലാ മിഷൻ സമർപ്പിക്കേണ്ടതുമാണ്. ജില്ലാ മിഷനിൽ ലഭ്യമായ പ്ലാൻ ഫണ്ടിലെ പ്രാദേശിക സാമ്പത്തിക വികസനം എന്ന ശീർഷകത്തിലെ ടെക്നോളജി ഫണ്ട് എന്ന ഉപശീർഷകത്തിൽ തുക വകയിരുത്തേണ്ടതാണ്. ഇതു സംബന്ധിച്ച അജണ്ട കുറിപ്പ്, യോഗം തീരുമാനം, തുക അനുവദിച്ച ഉത്തരവ്, യൂണിറ്റ് സന്ദർശന റിപ്പോർട്ട് എന്നിവ സംബന്ധിച്ച രേഖകൾ പ്രത്യേക ഫയൽ ആയി ജില്ലാ മിഷനിൽ സൂക്ഷിക്കേണ്ടതാണ്.

## B. സൂക്ഷ്മ സംരംഭക കൂട്ടായ്മ

യോഗ്യതാ മാനദണ്ഡം:- നിലവിലുള്ള കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങളുടെ കൂട്ടായ്മ അല്ലെങ്കിൽ പ്രൊഡ്യൂസർ കമ്പനിക്ക് ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട് ലഭിക്കുവാൻ അർഹതയുണ്ടായിരിക്കും. പ്രവർത്തനക്ഷമമായി 3 വർഷം പൂർത്തീകരിച്ച സംരംഭ കൂട്ടായ്മയ്ക്കു മാത്രമാണ് ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട് ലഭിക്കാൻ അർഹത ഉണ്ടായിരിക്കുകയുള്ളു. കാലാനുസൃതമായ മാറ്റം ആവശ്യമായതിനാൽ ഒരു തവണ ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട് ലഭ്യമാക്കിയ സംരംഭ കൂട്ടായ്മകൾക്ക് തുടർന്ന് അഞ്ചുവർഷത്തിനുശേഷം അപ്ഗ്രഡേഷൻ ഫണ്ടിന് അർഹതയുണ്ടാകു.

**ധനസഹായം:**

ലഭ്യമാക്കാൻ ഉദ്ദേശിക്കുന്ന സാങ്കേതിക. വിദ്യ, യന്ത്രസാമഗ്രികൾ (ഭൂമി, കെട്ടിടം ഒഴികെ) അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ ചെലവിന്റെ 40% (ഒരു കുടുംബത്തിന് 35,000/- രൂപ, ആകെ 35,00,000/-രൂപ എന്നീ പരിധികൾക്ക് വിധേയമായി) ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട് അനുവദിക്കുന്നതാണ്. ഇതിനുപുറമേ വേണ്ടിവരുന്ന തുക സംരംഭകൂട്ടായ്മകൾ ബാങ്ക് വായ്പ, ഗുണഭോക്തൃ വിഹിതം, മറ്റു ധനസ്രോതസ്സുകൾ തുടങ്ങിയവയിലൂടെ കണ്ടെത്തേണ്ടതാണ്.

**അപേക്ഷ സമർപ്പിക്കൽ, പരിശോധന, അംഗീകാരം നല്കൽ**

സംരംഭക കൂട്ടായ്മ നിശ്ചിത ഫോർമറ്റിലുള്ള (അനുബന്ധം) അപേക്ഷ എംഇസി സാക്ഷ്യപ്പെടുത്തിയത് സി.ഡി.എസിൽ സമർപ്പിക്കേണ്ടതാണ്.

**അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ**

1) പ്രോജക്ട് റിപ്പോർട്ട് - പുതുതായി തയ്യാറാക്കിയത്
2) നിലവിലുള്ള ബാങ്ക് ലോണിന്റെ തിരിച്ചടവ് വിവരങ്ങൾ
3) ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് (മെമ്പർ സെക്രട്ടറിയോ സി.ഡി.എസ്. ചെയർപേഴ്സണോ സാക്ഷ്യപ്പെടുത്തിയത്)
4) നിലവിലുള്ള അംഗങ്ങളുടെ ഗ്രൂപ്പ് ഫോട്ടോ
5) കഴിഞ്ഞ 6 മാസക്കാലത്തെ വരവ്-ചെലവ് കണക്കിന്റെ സ്റ്റേറ്റ്മെന്റ് (എം.ഇ.സിയോ കാസ്സ് അംഗമോ തയ്യാറാക്കിയത്)
6) എംഇസിയുടെ ശുപാർശ
7) ജില്ലാ മിഷനിലെ എം.ഇ. കൺസൾട്ടന്റ് അല്ലെങ്കിൽ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ട് (മൂന്നു വർഷക്കാലമായി പ്രവർത്തിക്കുന്നുണ്ട് എന്നത് പ്രത്യേകം പരാമർശിക്കണം).
8) സാങ്കേതിക വിദ്യ ലഭ്യമാക്കുന്ന സ്ഥാപനങ്ങളുടെ കത്ത് അല്ലെങ്കിൽ യന്ത്ര സാമഗ്രികൾ ലഭ്യമാക്കുന്നതിനു പ്രാപ്തമായ കുറഞ്ഞത് മൂന്നു ഏജൻസികളിൽ നിന്നുള്ള പ്രൊഫോർമാ ഇൻവോയിസ്.

സിഡിഎസിന്റെ ശുപാർശയോടു കൂടി ജില്ലാ മിഷനിൽ അപേക്ഷ സമർപ്പിക്കുകയും, ആയത് ജില്ലാ മിഷനിൽ നിന്നും എംഇ ചുമതലയുള്ള എഡിഎംസി/കൺസൾട്ടന്റ് യൂണിറ്റ് നേരിട്ട് സന്ദർശനം നടത്തി ജില്ല കോ-ഓർഡിനേറ്ററർക്ക് രേഖാമൂലം ശുപാർശ ചെയ്യേണ്ടതാണ്. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ പ്രസ്തുത അപേക്ഷ ശുപാർശയോടു കൂടി സംസ്ഥാന മിഷനിൽ സമർപ്പിക്കേണ്ടതാണ്.

സംസ്ഥാനതലത്തിൽ ലഭ്യമാകുന്ന അപേക്ഷകൾ അംഗീകാരം നല്കുന്നതിന് താഴെപറയുന്നവർ അംഗങ്ങളായിട്ടുള്ള ഒരു പ്രോജക്ട് അംഗീകാര കമ്മിറ്റി പരിശോധിച്ച് തീരുമാനിക്കുന്നതായിരിക്കും.

**അനുവദനീയമായ ഘടകങ്ങൾ**

- നിലവിലുള്ള യന്ത്രസാമഗ്രി, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ നൂതനമായവ
- വിവിധ ആവശ്യങ്ങൾക്കുള്ള കംപ്യൂട്ടർ, സോഫ്റ്റ് വെയർ വാങ്ങുന്നതിന്
- ഓഫീസ് സംവിധാനത്തിലുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന്

**മോണിറ്ററിംഗ്**

ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട് സംസ്ഥാന മിഷനിൽ നിന്നും അനുവദിച്ചു കഴിഞ്ഞാൽ പ്രസ്തുത തുക യന്ത്രസാമഗ്രികൾ വാങ്ങുന്നതിന് ഉപയോഗിച്ചുവെന്നത് ഉറപ്പുവരുത്തേണ്ട ചുമതല ജില്ലാ മിഷൻ കോ–ഓർഡിനേറ്റർക്കാണ്. ആയതിനാൽ എം ഇ ചുമതലയുള്ള എഡിഎംസി/കൺസൾട്ടന്റ് യൂണിറ്റ് സന്ദർശനം നടത്തി പ്രസ്തുത മിഷനറി ഉപയുക്തമാക്കിയതായി സാക്ഷ്യപ്പെടുത്തേണ്ടതാണ്. കൂടാതെ അനുവദിച്ച തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം സംസ്ഥാന മിഷന് ജില്ലാ മിഷൻ സമർപ്പിക്കേണ്ടതുമാണ്. ജില്ലാ മിഷനിൽ ലഭ്യമായ പ്ലാൻ ഫണ്ടിലെ പ്രാദേശിക സാമ്പത്തിക വികസനം എന്ന ശീർഷകത്തിലെ ടെക്നോളജി ഫണ്ട് എന്ന ഉപശീർഷകത്തിൽ തുക വകയിരുത്തേണ്ടതാണ്.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

അംഗീകാരത്തോടെ,

ഡയറക്ടർ (എ&എഫ്)